(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം വിശദമാക്കുമോ?

ഇത് പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പ്, 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരമുള്ള നടപടി എടുത്തുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 02-07-2021-ന് കോഴിക്കോട് കളക്ടറേറ്റിൽ വച്ച് നടന്ന യോഗത്തിലും ടി നടപടി ത്വരിതപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്.

കോതമംഗലം നിയോജകമണ്ഡലത്തിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം

136(5583) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിലായി ജനവാസ മേഖലകളിൽ ഉൾപ്പെടെ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങൾ നിരന്തരമായി വ്യാപകമായ കൃഷിനാശം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

&

(സി) നാശനഷ്ടം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ ഓരോ വർഷവും എത്ര കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

(എ-സി) ഉണ്ട്. വന്യമൃഗാക്രമണംമൂലം കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 5 വർഷം വനം വകുപ്പിൽ ലഭ്യമായ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്ത്	അപേക്ഷകളുടെ എണ്ണം
1	കോട്ടപ്പടി	181
2	പിണ്ടിമന	165
3	കുട്ടമ്പുഴ	107
4	കവളങ്ങാട്	0
5	കീരമ്പാറ	0
	ആകെ	453

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവർക്കും ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം നൽകാനായിട്ടില്ല. കഴിഞ്ഞ 5 വർഷം ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാരം അനുവദിച്ചവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	വർഷം	നഷ്ടപരിഹാരം ലഭ്യമാക്കിയവരുടെ എണ്ണം	നഷ്ടപരിഹാരം നൽകിയ തുക
1	2016	38	617690
2	2017	43	500305
3	2018	79	1032135
4	2019	95	1221024
5	2020	71	781425
ആകെ		326	4152579

(ഡി) പ്രസ്തുത കർഷകർക്ക് ഇനിയും നഷ്ടപരിഹാര തുക ലഭ്യമാക്കുവാനുണ്ടോ; എങ്കിൽ കണക്ക് വ്യക്തമാക്കാമോ?

ഉണ്ട്. കഴിഞ്ഞ 5 വർഷം ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാരം നൽകുവാനുള്ള അപേക്ഷകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്ത്	അപേക്ഷകളുടെ എണ്ണം	തുക
1	കോട്ടപ്പടി	38	498755
2	പിണ്ടിമന	32	401600
3	കുട്ടമ്പുഴ	57	812250
4	കവളങ്ങാട്	0	
5	കീരമ്പാറ	0	
ആകെ		127	1712605

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അർഹരായവർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഇവർക്ക് വനം വകുപ്പിൽനിന്നും ലഭ്യമാകുന്ന നഷ്ടപരിഹാര തുക എത്രയാണെന്ന് വിളകൾ തിരിച്ച് വ്യക്തമാക്കാമോ; ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വന്യജീവി ആക്രമണംമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.(കൈ) നം.2/2015/വനം പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ടി സർക്കാർ ഉത്തരവിൽ ഓരോ വിളകൾക്കുമുള്ള നഷ്ടപരിഹാര നിരക്ക് പറഞ്ഞിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു.* നഷ്ടപരിഹാര തുക വർദ്ധപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം

137(5584) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നത് റീബിൽഡ് കേരള, കിഫ്ബി പദ്ധതികൾ മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അനുമതി നൽകിയിട്ടുണ്ട്. വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 14-11-2019-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 483/2018/പി.&ഇ.എ. പ്രകാരം റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലും 23-1-2020-ലെ ജി.ഒ.(എം.എസ്.)നമ്പർ 2/2020/വനം, 2-8-2021-ലെ ജി.ഒ.(എം.എസ്.)നമ്പർ 12/2021/വനം പ്രകാരം കിഫ്ബി പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 പട്ടികവർഗ്ഗേതര കുടുംബങ്ങളേയും കിഫ്ബി ഫെയ്സ് II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 പട്ടികവർഗ്ഗേതര കുടുംബങ്ങളേയും സ്വയം സന്നദ്ധമാകുന്ന ഒരു കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകിയാണ് വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നത്. റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന സ്വകാര്യ സെറ്റിൽമെന്റുകളുടെ പട്ടികയും കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന സ്വകാര്യ സെറ്റിൽമെന്റുകളുടെ പട്ടികയും അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.